UNIVERSITY OF CALICUT

(DSFC-J)

No: 19320/ASST-J2-DSFC/2013/CU Dated,Calicut University P.O 09.05.2023

## NOTIFICATION

കാലിക്കറ്റ് സർവകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിൽ അസിസ്റ്റന്റ് പ്രൊഫസ്സർ(കരാർ അടിസ്ഥാനം) തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ അവരുടെ ബയോ-ഡാറ്റ സർവ്വകലാശാല വെബ് സൈറ്റ് (www.uoc.ac.in) മുഖേനെ 03.06.2023-നോ അതിനുമുമ്പോ ഓൺലൈനായി സമർപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

അഭിമുഖത്തിന് ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളെ ഇ-മെയിൽ/മൊബൈൽ ഫോൺ വഴി അറിയിക്കുന്നതാണ്. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിലവിലുള്ള ഒഴിവ് നികത്തുകയും, ഭാവിയിൽ സെന്ററിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ഈ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നത് സംബന്ധിച്ച് സർവകലാശാല ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

| തസ്തിക | യോഗ്യത | നിലവിലെ ഒഴിവുകളുടെ എണ്ണം | വിഭാഗം | പ്രതിമാസ ഏകീകൃത ശമ്പളം |
|---|---|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ(കരാർ അടിസ്ഥാനം) | 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ഫിസിക്കൽ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദം.<br><br>ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് അല്ലെങ്കിൽ പി.എച്ച്.ഡി. നേടിയിരിക്കണം<br><br>(അത്‌ലറ്റിക്സ്, ജൂഡോ / തായ്ക്കോണ്ടോ എന്നിവയിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.) | 3 | പിഎച്ച്.ഡി. യോഗ്യത നേടിയവർ. | 31,000/- രൂപ |
| | | | നെറ്റ് യോഗ്യത നേടിയവർ. | 30,000/- രൂപ |

**പൊതു നിർദ്ദേശങ്ങൾ**

1. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കായിരിക്കും നിയമനം നൽകുന്നത്.

2. ഉയർന്ന പ്രായപരിധി: 64 വയസ്സ്

3. ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് അല്ലെങ്കിൽ പി. എച്ച്.ഡി. യോഗ്യത ഇല്ലാത്തവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

4. അഭിമുഖത്തിന് ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രായം, യോഗ്യത, പരിചയ സമ്പത്ത്, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ അഭിമുഖ സമയത്ത് ഹാജരാക്കണം.

5. മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്നും യോഗ്യതാ പരീക്ഷ പാസായ ഉദ്യോഗാർത്ഥികൾ ഈ സർവകലാശാല നൽകിയ തുല്യതാ സർട്ടിഫിക്കറ്റ് അഭിമുഖ സമയത്ത് ഹാജരാക്കണം.

6. അഭിമുഖത്തിന് പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ എല്ലാ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പ് സർവകലാശാലയ്ക്ക് കൈമാറേണ്ടതാണ്.

7. ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്ര ബത്ത അനുവദിക്കുന്നതല്ല.

Dr. Satheesh.E.K

Registrar

UNIVERSITY OF CALICUT, CALICUT UNIVERSITY P.O., MALAPPURAM 673635

To

പബ്ലിക് റിലേഷൻസ് ഓഫീസർ

Copy to

റിക്രൂട്ട്മെന്റ് സെക്ഷൻ/ഡിജിറ്റൽ വിങ്/ കോർഡിനേറ്റർ, സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ